(ഇ) 1998-ലെ റെഗുലേറ്ററി കമ്മീഷൻ നിയമം, കേന്ദ്ര വൈദ്യുതി നിയമം 2003, എന്നിവയനുസരിച്ച് സംസ്ഥാനത്തെ വൈദ്യുതിമേഖലയിലെ റെഗുലേറ്ററി സംവിധാനമെന്ന നിലയ്ക്കാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നത്. പ്രസ്തുത നിയമത്തിലെ 86-ാം വകുപ്പ് അനുസരിച്ച് സംസ്ഥാനത്തെ ലൈസൻസികളെയാകമാനം ബാധിക്കുന്ന വിധം ഉപഭോക്തൃ താൽപ്പര്യം മുൻനിർത്തിയാണ് കമ്മീഷന്റെ പ്രവർത്തനം. അതിനാൽ, ബോർഡിന്റെ മാത്രം നേട്ടങ്ങളോ കോട്ടങ്ങളോ ചൂണ്ടിക്കാണിക്കാൻ സാധിക്കില്ല.

(എഫ്) കമ്മീഷന്റെ കീഴിൽ അഞ്ച് വാഹനങ്ങളുണ്ട്.

(1) ഷവർലെ - ക്രൂസ് -1

(2) ഫോർഡ് ഫിയസ്റ്റ - 2

(3) ടാറ്റാ ഇൻഡിഗോ - 2

(ജി)

(1) ശ്രീ. കെ. ജെ. മാത്യു, ചെയർമാൻ (മുൻ ചീഫ് സെക്രട്ടറി കേരള)

(2) ശ്രീ. കെ. എസ്. പ്രേമചന്ദ്രകുറുപ്പ്, സെക്രട്ടറി (മുൻ ലേബർ കമ്മീഷണർ, കേരള)

(3) ശ്രീ. സി. സുബ്രഹ്മണ്യൻ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (മാനേജർ (റിട്ട.), പോലീസ് ആസ്ഥാനം, തിരുവനന്തപുരം.

(4) ശ്രീ. എൻ. മോഹനകുമാർ, ആഫീസ് സൂപ്രണ്ട് (സീനിയർ സൂപ്രണ്ട് (റിട്ട.) ഡയറക്ടറേറ്റ് ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തിരുവനന്തപുരം.

ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പോസ്റ്ററുകൾ പിൻവലിക്കാൻ നടപടി

152 (5557) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ കെ.എസ്.ഇ. ബോർഡ് ഓഫീസുകളിൽ വ്യാപകമായി സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ പോസ്റ്ററുകൾ പതിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റെഗുലേറ്ററി കമ്മീഷന്റെ ആസ്ഥാനമന്ദിരം എവിടെയാണ് ; ഇത് വാടക കെട്ടിടമാണോ ; എങ്കിൽ ഈ കെട്ടിടത്തിന്റെ മാസവാടക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) തിരുവനന്തപുരത്ത് വെള്ളയമ്പലം, സി.വി. രാമൻപിള്ള റോഡിൽ കേരള പവർ ഫിനാൻസ് കോർപ്പറേഷൻ നിർമ്മിച്ച കെട്ടിടത്തിൽ പാട്ടത്തിന് (ലീസ്) പ്രതിവർഷം 1 രൂപ വാടകയിൽ പ്രവർത്തിച്ചുവരുന്നു.

വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ സ്ഥിരം നിയമനം നല്കുന്ന ഉദ്യോഗസ്ഥർ

153 (5558) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.സി. ലാവ്‌ലിൻ കേസിൽ ഗുരുതരമായ ആരോപണങ്ങൾക്ക് വിധേയനായ മുൻ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥനും, ഇപ്പോൾ സർവ്വകലാശാലയിൽനിന്നും ഡെപ്യൂട്ടേഷനിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ ജോലി ചെയ്യുന്നതുമായ ഒരു വ്യക്തിയെ, പ്രസ്തുത കമ്മീഷനിൽ സ്ഥിരമായി നിയമിക്കാൻ പോകുന്നതായി 12-7-2010-ലെ പത്രത്തിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത വ്യക്തി ആരാണ് ; പേരും മറ്റ് വിശദാംശങ്ങളും വെളിപ്പെടുത്തുമോ ;

(സി) ടിയാൻ ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരനായിരിക്കെ ജോലി രാജിവച്ച് സർവ്വകലാശാലയിൽ എത്താൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 12-7-2010-ൽ മംഗളം ദിനപത്രത്തിൽ ഇത്തരത്തിൽ ഒരു വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly